# സെൻറ് മാർലിബോർൺ പാരിഷ് ചർച്ചിലേക്കു സ്വാഗതം

കർമ്മനിരതരായ ക്രിസ്തീയ സാക്ഷികളുടെ ഒരു കൂട്ടായ്മയാണ് മധ്യ ലണ്ടൻറെ ഹൃദയ ഭാഗത്തു തന്നെ സ്ഥിതി ചെയ്യുന്ന സെൻറ് മാർലിബോർൺ പാരിഷ് ദേവാലയം. ഏകദേശം 900 വർഷങ്ങളുടെ ചരിത്രമുറങ്ങുന്ന ഈ ദേവാലയം എക്കാലത്തും അതിൻറെ ശ്രേഷ്ഠമായ പ്രാർത്ഥനാക്രമങ്ങളുടെയും ക്രിസ്തീയ സംഗീതത്തിൻറെയും പേരിൽ പുകൾപെറ്റതായിരുന്നു. ഇവിടെ ആരാധിക്കാനെത്തുന്ന വിശ്വാസസമൂഹം ഇപ്പോഴും ആ പൈതൃകം കാത്തുസൂക്ഷിക്കാനും അവർ ഉണ്ടായിരിക്കുന്ന വൈവിധ്യം നിറഞ്ഞ സമൂഹത്തെ സേവിക്കുവാനും സദാ തത്പരരാണ്.

ഹാർലി സ്ട്രീറ്റിൽ നിന്നും ഏതാനും മീറ്ററുകൾ മാത്രം അകലെയുള്ള സെൻറ് മാർലിബോർൺ മുപ്പതു വർഷത്തിലേറെയായി ക്രിസ്തീയ സൗഖ്യത്തിൻറെ പാതയിൽ ഒരു മാർഗദർശിയായി നിലനിൽക്കുന്നു. ഈ ദേവാലയത്തിൻറെ ഒരു ഭാഗം തന്നെയായ, കുറഞ്ഞ ചിലവിൽ അപഗ്രഥനപരമായ മാനസികരോഗചികിത്സയും ആത്മീയ മാർഗദർശനവും നൽകിവരുന്ന 'സെൻറ് മാർലിബോർൺ ഹീലിംഗ് ആൻഡ് കൗൺസിലിങ് സെൻറ്റർ' എന്ന സ്ഥാപനം അന്താരാഷ്ട്രതലത്തിൽ തന്നെ പ്രശസ്തിയാർജ്ജിച്ച ഒന്നാണ്. ഇത് കൂടാതെ പള്ളിയുടെ നിലവറയിൽ എൻ.എച്.എസ് ഡോക്ടർമാരുടെ 'മാർലിബോർൺ ഹെൽത്ത് സെൻറ്റർ' എന്ന പേരിലുള്ള നൂതനമായ ഒരു ശസ്ത്രക്രിയാവിഭാഗവും പ്രവർത്തിച്ചു വരുന്നു. ലണ്ടൻ ക്ലിനിക്കിൻറെയും കിംഗ് എഡ്‌വേഡ് VII ആശുപത്രിയുടെയും ചാപ്പലുകളിലെ പൗരോഹിത്യ ഉത്തരവാദിത്വം ഈ ദേവാലയത്തിലാണ് അതിഷ്ഠിതമായിരിക്കുന്നത്. ഇതും വൈദ്യശാസ്ത്രമേഖലയിലുള്ള റോയൽ കോളജുകളുമായുള്ള അടുത്തതും സജീവവുമായ സമ്പർക്കവും രോഗശുശ്രൂഷാമേഖലയിലുള്ള ഞങ്ങളുടെ പ്രവർത്തനങ്ങൾ കൂടുതൽ മികവുറ്റതാക്കാൻ സഹായിക്കുന്നു.

ദേശിയ അധ്യാപനകേന്ദ്രം, ഗണിതശാസ്ത്രകേന്ദ്രം എന്നീ നിലകളിൽ പ്രശസ്തിയാർജ്ജിച്ച 'സെൻറ് മാർലിബോർൺ ചർച് ഓഫ് ഇംഗ്ലണ്ട് സ്കൂൾ'; സംസാരം, ഭാഷാശൈലി, ആശയവിനിമയം എന്നിവ കൈകാര്യം ചെയ്യുന്നതിൽ ബുദ്ധിമുട്ടുകൾ നേരിടുന്ന സെക്കണ്ടറി സ്കൂൾ വിദ്യാർഥികൾക്ക് പ്രത്യേകമായിട്ടുള്ള സൗജന്യ വിദ്യാഭ്യാസ സ്ഥാപനമായ 'സെൻറ് മാർലിബോർൺ ചർച് ഓഫ് ഇംഗ്ലണ്ട് ബ്രിഡ്ജ് സ്കൂൾ'; എന്നീ ഞങ്ങളുടെ രണ്ടു വിദ്യാലയങ്ങളെയും അവയുടെ പൂർണതയിലെത്തിക്കാൻ സഹായകമായ രീതിയിൽ കുട്ടികൾക്കായുള്ള ഞങ്ങളുടെ 'യങ്ങ് ചർച്' വിഭാഗം പ്രവർത്തിച്ചു വരുന്നു. മേൽപറഞ്ഞ രണ്ടു വിദ്യാലയങ്ങളെ കൂടാതെ റോയൽ അക്കാഡമി ഓഫ് മ്യൂസിക്, വെസ്റ്റ്മിനിസ്റ്റർ സർവകലാശാല എന്നിവയുമായും സെൻറ് മാർലിബോർൺ വളരെ അടുത്ത രീതിയിൽ പ്രവർത്തിച്ചു വരുന്നു. ഇതിൽ ആദ്യത്തെ രണ്ടിടങ്ങളിലെയും പൗരോഹിത്യസേവനവും ഞങ്ങളിൽ നിക്ഷിപ്തമാണ്.

ലണ്ടൻ ഡയോസീസിൻറെ കീഴിലുള്ള ഒരു പാരിഷെന്ന നിലയിൽ ക്രിസ്തുവിൽ കേന്ദ്രീകൃതവും പുറമേക്ക് വീക്ഷണമുള്ളതുമായ ഒരു ദർശനമാണ് ഞങ്ങൾ ലോകത്തിനുമുന്നിൽ പങ്കുവെക്കുന്നത്. ദൈവത്തിൻറെ കൃപയാൽ ക്രിസ്തുവിൻറെ സുവിശേഷം ആത്മവിശ്വാസത്തോടെ മറ്റുള്ളവരോട് പറയുന്നതിലും ജീവിതത്തിൽ യാഥാർഥ്യമാക്കുന്നതിലും, ദൈവത്തിൻറെ സ്നേഹത്താൽ മറ്റുള്ളവരെ കൂടുതൽ അനുകമ്പയോടെ സേവിക്കുന്നതിലും, സൃഷ്ടിപരമായ മാർഗങ്ങളിലൂടെ മറ്റുള്ളവരിലേക്കിറങ്ങി ചെല്ലുന്നതിലും എല്ലാം പരിശുദ്ധാത്മാവിൻറെ ശക്തിയാൽ കൂടുതൽ പുരോഗതി കൈവരിക്കുവാൻ ഞങ്ങൾ ആഗ്രഹിക്കുന്നു.

1770-ൽ ആണ് ഈ ദേവാലയത്തിൻറെ നിർമിതി ആദ്യം പരിഗണനയിൽ വരുന്നത്. പാഡിങ്ടൺ സ്ട്രീറ്റിൽ സ്ഥലം അനുവദിക്കപ്പെടുകയും അന്നത്തെ രാജസഭയിൽ വാസ്തുശിൽപിയായിരുന്ന സർ വില്യം ചേംബേഴ്സ് നിർമാണത്തിൻറെ പദ്ധതി തയ്യാറാക്കുകയും ചെയ്തു. എന്നാൽ ഈ ആശയം പിന്നീടുപേക്ഷിക്കുകയും ദേവാലയനിർമിതിക്കായനുവദിച്ച സ്ഥലം ഒരു ശ്മശാനഭൂമി ഒരുക്കുന്നതിലേക്കായി വാങ്ങിക്കപ്പെടുകയും ചെയ്തു. പള്ളി ഇപ്പോൾ സ്ഥിതി ചെയ്യുന്ന സ്ഥലം 1810-11 കാലയളവിലാണ് വാങ്ങിക്കപ്പെടുന്നത്. അടുത്തുള്ള പാരിഷ് ദേവാലയത്തിൻറെ പ്രവർത്തനങ്ങളെ പിന്തുണച്ചു സഹായിക്കുന്ന ഒരു 'ചാപ്പൽ ഓഫ് ഈസ്' ആയിട്ടാണ് ഇവിടം ആദ്യം വിഭാവനം ചെയ്യപ്പെട്ടത്.

സർ വില്യം ചേമ്പേഴ്സിൻറെ ശിഷ്യനായ തോമസ് ഹാർഡ്‌വിക്ക് നിർമാണപദ്ധതികൾ തയ്യാറാക്കുകയും കെട്ടിടത്തിൻറെ ശിലാസ്ഥാപനം 1813 ജൂലൈ 5-നു നിർവ്വഹിക്കപ്പെടുകയും ചെയ്തു. പിന്നീട് ഈ കെട്ടിടം വിപുലീകരിക്കുവാനും ഇത് പാരിഷ് ചർച് തന്നെയാക്കി മാറ്റുവാനും തീരുമാനമുണ്ടായി. അതിനു ശേഷമാണ് ഇപ്പോൾ കാണുന്ന ഗോപുരം നിർമിക്കപ്പെടുന്നതും, മുൻവശം വീതി കൂട്ടപ്പെടുന്നതും, ഭീമാകാരമായ കൊരിന്ത്യ-കോളങ്ങളോട്കൂടിയ മണ്ഡപം തീർത്തതുമെല്ലാം. പള്ളിയുടെ താഴ്ഭാഗം

മുഴുവനായിത്തന്നെ നീണ്ടു കിടക്കുന്ന രീതിയിൽ കമാനങ്ങളോടുകൂടിയ നിലവറ ഇവിടുത്തെ ഒരു പ്രത്യേകതയാണ്.

നിലവറയുടെ ശവക്കല്ലറകൾക്കായി വിസ്തൃതമായ ഒരു ഭാഗം ആദ്യകാലത്തു നീക്കിവചിട്ടുണ്ടായിരുന്നു. 1853-ൽ ഈ കല്ലറകൾ (ആവശ്യമായ അനുമതിയോടുകൂടെ) അടക്കുകയും 1980-കളുടെ മധ്യത്തിൽ ഇവിടെയുണ്ടായിരുന്ന ശവപ്പെട്ടികൾ സർറിയിലുള്ള ബ്രൂക്വൂഡ് സെമിത്തേരിയിലേക്കു മാറ്റി വീണ്ടും അടക്കം ചെയ്യുകയും ചെയ്തു. നിലവറയാകട്ടെ, ഇപ്പോഴത്തെ 'ഹീലിംഗ് ആൻഡ് കൗൺസിലിങ് സെൻറ്റർ', സാക്രമെൻറ് ചാപ്പൽ, ജെറുസലേം ചാപ്പൽ, എൻ.എച്.എസ് മാർലിബോർൺ ഹെൽത്ത് സെൻറ്റർ എന്നിവ ഉൾകൊള്ളുന്നതിനായി രൂപാന്തരപ്പെടുത്തുകയും ചെയ്തു.

1817-ൽ തുറന്നു പ്രവർത്തനമാരംഭിച്ച ഇപ്പോഴത്തെ കെട്ടിടം ഈ പാരിഷിനെ സേവിക്കുന്ന നാലാമത്തെ നിർമിതിയാണ്. 12-ആം നൂറ്റാണ്ടിൻറെ തുടക്കത്തിൽ സ്ഥാപിക്കപ്പെട്ട ആദ്യത്തെ ദേവാലയകെട്ടിടം വിശുദ്ധ യോഹന്നാൻ സുവിശേഷകൻറെ നാമത്തിൽ സമർപ്പിക്കപ്പെട്ടതായിരുന്നു. ഓക്സ്ഫോർഡ് സ്ട്രീറ്റിൽ, സ്ട്രാറ്റ്ഫോഡ് പ്ളേസിനടുത്തായി സ്ഥിതി ചെയ്തിരുന്ന ഈ പള്ളി അന്ന് ടൈബേൺ, ലിസ്സൺ (ലിൽസ്റ്റോൺ) എന്നീ പ്രഭുകുടുംബങ്ങളുടെ പാരിഷ് ദേവാലയമായിരുന്നു. സ്ട്രാറ്റ്ഫോഡ് പ്ലേയ്സിലെ തുറസ്സായ കോർട്ട്യാർഡ് ആദ്യത്തെ പാരിഷ് ദേവാലയത്തിൻറെ സെമിത്തേരിയായിരുന്നതായാണ് കണക്കാക്കപ്പെടുന്നത്.

1400-ഓടുകൂടി സെൻറ് ജോൺസ് ഒട്ടനവധി അറ്റകുറ്റപ്പണികൾ വേണ്ടിവന്നു ജീർണാവസ്ഥയിലാവുകയും, അതോടുകൂടി ദേവാലയം പൊളിച്ചുമാറ്റപ്പെടുകയും ചെയ്തു. വൈകാതെ ഒരു പുതിയ കെട്ടിടം ടൈബേൺ പ്രഭുകുടുംബത്തിൻറെ എതിർവശത്തായി (ഇപ്പോൾ ലണ്ടൻ ക്ലിനിക്കിൻറെ 'ഡച്ചസ് ഓഫ് ഡെവോൺഷയർ' ശാഖ പ്രവർത്തിക്കുന്ന സ്ഥലം) പണി തീർത്തു. രണ്ടാമത്തെ ഈ ദേവാലയകെട്ടിടവും, അതിനുശേഷം ഉണ്ടായിരുന്ന കെട്ടിടവും സ്ഥിതി ചെയ്തിരുന്ന സ്ഥലത്തു ഇപ്പോഴുള്ളത് 'ഓൾഡ് ചർച് മെമ്മോറിയൽ ഗാർഡൻ' ആണ് (മാർലിബോർൺ ഹൈ സ്ട്രീറ്റിൻറെ വടക്കേയറ്റം). ഈ പള്ളിയിൽ വച്ചാണ് ഫ്രാൻസിസ് ബേക്കൺ 1601 മെയ് 11-ആം തീയതി വിവാഹിതനായത്.

1740-ൽ ഒരു പുതിയ കെട്ടിടം ഇതേ സ്ഥലത്തുതന്നെ പണികഴിക്കപ്പെട്ടു. ഇവിടെയാണ് 'മെതഡിസ്റ്റ് ചർച്' സ്ഥാപിച്ച ചാൾസ് വെസ്ലി തൻറെ കുടുംബാംഗങ്ങളോടൊപ്പം അന്ത്യവിശ്രമം കൊള്ളുന്നത്. അദ്ദേഹത്തിൻറെ ഓർമ നിലനിർത്തുവാനായി നിർമിച്ച 'ഒബെലിസ്ക്' സ്മാരകം ഇവിടെ കാണുവാൻ കഴിയും. ബൈറൺ പ്രഭുവിനെ സ്നാനപ്പെടുത്തിയതും, നെൽസൺ പ്രഭു പ്രാർത്ഥനാശുശ്രൂഷകളിൽ പങ്കെടുത്തിരുന്നതും, 1803 മെയ് 3-ആം തീയതി ലേഡി ഹാമിൽട്ടണിലുള്ള തൻറെ പുത്രിയെ സ്നാനപ്പെടുത്തുവാൻ കൊണ്ടുവന്നതുമൊക്കെ ഈ ദേവാലയത്തിലായിരുന്നു. വളരെ പ്രശസ്തരായ ഒട്ടനവധി ആളുകളുമായി ഈ ആരാധനാലയത്തിനു ബന്ധമുണ്ട്. പള്ളിയുടെ ഉൾവശം വില്യം ഹോഗാർത്ത് 'റേക്കിൻറെ പ്രയാണം' എന്ന തൻറെ ചിത്രസമാഹാരത്തിലൊന്നായ 'റേക്കിൻറെ വിവാഹം' എന്ന ചിത്രത്തിൽ ഉപയോഗിച്ചിട്ടുണ്ട്. ഇവിടുത്തെ ചുവരുകളിൽ നിറഞ്ഞുനിന്നിരുന്ന അനേക സ്മാരകങ്ങളിൽ ചിലത് (ആൻ ഓഫ് ഡെന്മാർക്കിൻറെയും, ഹെൻറിയേറ്റ മരിയ രാജ്ഞിയുടെയും പാനപാത്രവാഹകൻൻ്റേതുൾപ്പെടെ) ഇപ്പോഴത്തെ പാരിഷ് ദേവാലയത്തിൻറെ പടികളുടെ വശങ്ങളിൽ ദർശിക്കുവാൻ സാധിക്കും. രണ്ടാം ലോകമഹായുദ്ധത്തിൻറെയിടെയുണ്ടായ കേടുപാടുകൾ കാരണം 1949-ൽ ഈ കെട്ടിടം പൊളിച്ചുമാറ്റേണ്ടിവന്നപ്പോഴാണ് ഇവ പുതിയ കെട്ടിടത്തിലേക്ക് മാറ്റേണ്ടിവന്നത്.

ഈ ദേവാലയവുമായി ബന്ധപ്പെട്ട മറ്റു പ്രധാന വ്യക്തികളിൽ ജെയിംസ് ഫിഗ്ഗ്, ജെയിംസ് ഗിബ്സ്, എഡ്മണ്ട് ഹോയിൽ, ജോൺ റൈസ്ബ്രാക്, ജോൺ അലൻ, ജെയിംസ് ഫെർഗുസൺ, അലൻ റാംസി, സ്റ്റീഫൻ സ്റ്റോറെയ്സ്, പോർട്ലാൻഡ് പ്രഭുക്കൾ, കരോലിൻ വാട്സൺ എന്നിവരും ഉൾപ്പെടുന്നു.

ഇന്ന് കാണുന്ന പള്ളിക്കെട്ടിടം പണികഴിപ്പിച്ചപ്പോൾ (ഏകദേശം £80,000 ചിലവിൽ) മനോഹരമായ ചുവർചിത്രങ്ങളോടുകൂടിയ റെനൈസ്സൻസ് ശൈലിയിലുള്ള ഇപ്പോഴത്തെ അൾത്താരയടങ്ങിയ ഭാഗം ആദ്യം ഇല്ലായിരുന്നു. ഇത് 1884-ൽ തോമസ് ഹാരിസ് കൂട്ടിച്ചേർത്തതാണ്. അൾത്താരയുടെ ആദ്യത്തെ സ്ഥാനം മേൽക്കൂരയിലേക്കു പണിതിട്ടുള്ള കുരിശിൻറെ തൊട്ടുതാഴെയായിരുന്നു (ഇപ്പോൾ ഗായകസംഘം നിൽക്കുന്നിടം). ആദ്യത്തെ ആ അൾത്താരയുടെ മുന്നിൽ വച്ചായിരുന്നു 1846-ൽ റോബർട്ട് ബ്രൗണിങ്ങും എലിസബത്ത് ബാരെറ്റും വിവാഹിതരായത്. പഴയ അൾത്താര ഇപ്പോൾ ഹോളി ഫാമിലി ചാപ്പലിൽ ആണ് സ്ഥാപിച്ചിരിക്കുന്നത്. അതിനു മുകളിലായി ബെഞ്ചമിൻ വെസ്റ്റ് പുതിയ പാരിഷ് പള്ളിക്കായി സമർപ്പിച്ച വിശുദ്ധ കുടുംബത്തിൻറെ ചിത്രവും കാണുവാൻ സാധിക്കും.

1817-ലെ പാരിഷ് കെട്ടിടം 3,000 പേരെ ഉൾക്കൊള്ളുവാൻ തക്ക വലിപ്പമുള്ളതായിരുന്നുവെന്നാണ് പറയപ്പെടുന്നത്. മാത്രവുമല്ല, ഇപ്പോഴത്തെ ഗാലറിയുടെ അവശേഷിപ്പുകൾ കാണുവാനും സാധിക്കും.

ഇപ്പോൾ ഇവിടെയുള്ള 'ഓർഗൻ' രാജ്യത്തെ തന്നെ ഏറ്റവും മികച്ച സംഗീത ഉപകാരണങ്ങളിലൊന്നാണ്. 1987 ജൂലൈ മാസത്തിലാണ് ഇത് നിർമിക്കുവാനായി ഓസ്ട്രിയയിലെ റീഗർ ഓർഗെയ്ൽബോവിനെ ചുമതലപ്പെടുത്തിയത്. പള്ളിയുടെയും അടുത്തുതന്നെയുള്ള റോയൽ അക്കാഡമി ഓഫ് മ്യൂസിക്കിൻറെയും ഒരു സംയുക്ത സംരംഭമായിരുന്നു അത്. ഒന്നാം നിലയിലുള്ള ഗാലറികളുടെ അറ്റത്തു കാണുന്ന ഓർഗൻ പൈപ്പുകൾ ഇതിനു മുൻപിവിടെയുണ്ടായിരുന്ന ഉപകരണങ്ങളുടേതാണ്.

പള്ളിയുടെ തൊട്ടടുത്തുള്ള ഡെവൺഷയർ ടെറസ്സിൽ ആണ് ചാൾസ് ഡിക്കൻസും അദ്ദേഹത്തിൻറെ കുടുംബവും അനവധി വർഷങ്ങൾ താമസിച്ചിരുന്നത്. അദ്ദേഹം തൻറെ മക്കളെ സ്നാനപ്പെടുത്തുവാൻ ഇവിടേക്കു കൊണ്ടുവരികയും പിന്നീട് ആ ചടങ്ങ് തൻറെ 'ഡോംബി ആൻഡ് സൺ' എന്ന നോവലിൽ വിവരിക്കുകയും ചെയ്തിട്ടുണ്ട്.

രണ്ടാം ലോകമഹായുദ്ധത്തിൻറെയിടെയുണ്ടായ ബോംബാക്രമണത്തിൽ പള്ളിയുടെ 'സ്റ്റെയിൻഡ് ഗ്ലാസ്' ജനാലകളും ജോർജിയൻ മേൽക്കൂരയും തകരുകയുണ്ടായി. പഴയ ജനാലകളുടെ ചിതറിയ കഷ്ണങ്ങൾ ശേഖരിച്ചു വയ്ക്കുകയും പിന്നീട് ഇന്ന് കാണുന്ന ജനാലകളിലുറപ്പിക്കുകയും ചെയ്തു.

പള്ളിയുടെയുള്ളിൽ കാണുന്ന മേന്മയേറിയ സ്ഫടികനിർമ്മിതമായ ഷാൻഡലിയറുകൾ 1968-ൽ സെൻറ് മാർലിബോർൺ  ടൗൺഹോളിൽ നിന്നും ഇവിടേക്കു മാറ്റിയതാണ്. സെൻറ് മാർലിബോർൺ 'ബറോ' മിഡിൽസെക്സിലുള്ള മറ്റു മെട്രോപൊളിറ്റൻ ബറോകളുമായി കൂട്ടിച്ചേർത്തു വെസ്റ്റ്മിനിസ്റ്റർ നഗരം രൂപീകരിച്ചതിനു ശേഷമായിരുന്നു ഇത്.

ശ്രേഷ്ഠമായ സ്മരിണികളുടെ ശേഖരത്താൽ ഈ പാരിഷ് പള്ളിയുടെ ചുവരുകൾ അലംകൃതമാണ്. ഇവയിൽ ഒട്ടനവധിയെണ്ണം ഈസ്റ്റ് ഇൻഡ്യാ കമ്പനിയുടെ കൊളോണിയൽ ഭരണാധികാരികളുടെയും, ഗവർണർമാരുടെയും മറ്റംഗങ്ങളുടെയും പക്കലുള്ളതായിരുന്നു.

സെൻറ് മാർലിബോർൺ ദേവാലയത്തിന് എക്കാലത്തും മഹത്തായ ഒരു സംഗീത പാരമ്പര്യമുണ്ടായിരുന്നു. ഇന്ന് പത്തു സ്വരങ്ങളുള്ള ഇവിടുത്തെ പ്രൊഫെഷണൽ ഗായകസംഘത്തെ നയിക്കാനായി ഡയറക്ടർ ഓഫ് മ്യൂസിക്, അസിസ്റ്റൻറ് ഡയറക്ടർ ഓഫ് മ്യൂസിക്, ഓർഗൻ സ്കോളർ എന്നിവരുണ്ട്. ഇവിടുത്തെ ഗായകസംഘത്തിനുവേണ്ടി സർ ജോൺ സ്റ്റെയ്നർ 1886-ൽ ഓററ്റോറിയോ ക്രൂസിഫിക്ഷൻ എന്ന ഒരു സംഗീതകൃതി രചിക്കുകയും തുടർന്നുള്ള എല്ലാവർഷങ്ങളിലും അതിവിടെ അരങ്ങേറുകയും ചെയ്തു വരുന്നു.

1846 സെപ്റ്റംബർ 12-നു ഇവിടെവച്ചു നടന്ന കവികളായ റോബർട്ട് ബ്രൗണിങ്ങിൻറെയും എലിസബത്ത് ബാരറ്റിൻറെയും വിവാഹത്തിൻറെ സ്മരണികയായ 'ദി ബ്രൗണിങ് റൂം' എന്ന മുറിയിലുള്ള സ്റ്റെയിൻഡ് ഗ്ലാസ് ജനാല വിന്നിപെഗിലെ ബ്രൗണിങ് സൊസൈറ്റിയുടെ സമ്മാനമാണ്. കവികളുടെ പിച്ചളയിലുള്ള രണ്ടു ലംബശിൽപങ്ങളും ഈ മുറിയിൽ കാണുവാൻ സാധിക്കും.

പള്ളിയുടെ അൾത്താരയടങ്ങിയ ആപ്സ് എന്നു വിളിക്കുന്ന മനോഹരമായ ഭാഗം, മഹോഗണിയിൽ തീർത്ത ഇരിപ്പിടങ്ങൾ, ഗായകസംഘം നിൽക്കുന്ന പന്തി, സ്വർണത്തിൽ പൊതിഞ്ഞ ഇംഗ്ലീഷ് 'ബറോക്' രീതിയിലുള്ള അലങ്കാരപ്പണികൾ എന്നിവയെല്ലാം 1880-കളുടെ മധ്യത്തിൽ തോമസ് ഹാർഡ്വിക് രൂപകൽപന ചെയ്തതാണ്. 1884-ൽ ആണ് പണികൾ ആരംഭിച്ചത്. അതിൻറെ സ്മരണാർത്ഥം മിസിസ് ഗ്ലാഡ്സ്ടൺ ഒരു കല്ല് ഇവിടെ സ്ഥാപിക്കുകയും ചെയ്തു (ഇത് ആപ്സിൻറെ പുറംചുവരിൽ കാണാവുന്നതാണ്). ആപ്സിൻറെ അലങ്കാരപ്പണികൾ നിർവഹിച്ചത് എഡ്വാർഡ് ആർമിറ്റേജ് ആർ.എ. ആയിരുന്നു. ഒരു കാലത്ത് അദ്ദേഹത്തിൻറെ അലങ്കാരപദ്ധതികൾക്കനുസരിച്ചു ഗാലറികളുടെ നിരയിലെ വൻ ജനാലകൾക്കിടയിൽ മ്യുറലുകളുണ്ടായിരുന്നു. എന്നാൽ ഇവ 1940-കളുടെ അവസാനകാലത്തു പെയിൻറ് ചെയ്തു മറച്ചു കളഞ്ഞു.

900 വർഷങ്ങളായി ഈ ക്രിസ്തീയ ആരാധനാലയം മധ്യലണ്ടനിൽ അതിൻറെമേൽ നിക്ഷിപ്തമായിരിക്കുന്ന കടമകൾ നിർവ്വഹിച്ചുകൊണ്ടിരിക്കുന്നു. ഓക്സ്ഫർഡ് സ്ട്രീറ്റിൻറെ വടക്കോട്ടും, എഡ്ജ്വേർ  റോഡിൻറെ കിടക്കോട്ടും, ക്ലീവ്ലൻഡ് സ്ട്രീറ്റിൻറെ പടിഞ്ഞാറോട്ടുമുള്ള എല്ലാ ലണ്ടൻ പാരിഷ് പള്ളികളും സ്ഥാപിച്ചത് സെൻറ് മാർലിബോർൺ പാരിഷ് പള്ളിയിലെ റെക്ടർമാരും വാർഡൻന്മാരുമാണ്. കാലം ഏൽപിച്ച കേടുപാടുകൾ മാറ്റുക, നിലവറ വിപുലീകരിക്കുക, സെൻറ് മാർലിബോർൺ ഒരു ചെറു ഉൾനാടൻ പ്രദേശമെന്ന നിലയിൽ നിന്നും നാഗരിക മെട്രോപോലിസ്

എന്നതിലേക്കുള്ള വളർച്ചയുടെ കഥ ലോകത്തിനുമുന്നിൽ കാഴ്ചവയ്ക്കുക തുടങ്ങിയ വൻലക്ഷ്യങ്ങളുമായി 2016-ൽ 'ദി ഹെറിറ്റേജ് ലോട്ടറി ഫണ്ട്' ഏകദേശം £4 മില്യൺ ഗ്രാൻറ് ആയി പാരിഷിലേക്ക് അനുവദിച്ചു. മനുഷ്യജീവിതങ്ങളെ മാറ്റിമറിക്കുന്നതിനും സമൂഹത്തെ വാർത്തെടുക്കുന്നതിനും തങ്ങളുടെ പരിശ്രമം ദൈവത്തിൻറെ കൃപയാൽ സെൻറ് മാർലിബോർൺ തുടർന്നുകൊണ്ടിരിക്കുന്നു.

റെവ്. കാനൻ സ്റ്റീഫൻ ഇവാൻസ്,

റെക്ടർ